ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 10 പ്രവൃത്തികൾ 2016-17 സാമ്പത്തിക വർഷത്തിൽ തന്നെ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. പ്രസ്തുത 10 പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

സംസ്ഥാനത്ത് വില്പപ്പെടുന്ന ഡീസലിന്റെയും പെട്രോളിന്റെയും മേൽ ഒരു ശ്രപാ ക്രമത്തിൽ ചുമത്തിയിട്ടുള്ള അധിക വില്പന നികുതിയിനത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ 50% ആണ് ഈ പദ്ധതി നടപ്പാക്കുന്നതിനായി നീക്കിവച്ചിട്ടുള്ളത്.

'സ്പീഡ് കേരള' പരിപാടിയിൽ ഉൾപ്പെടുന്ന കോഴിക്കോട് ദേശീയ പാത ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. സ്പീഡ് കേരള പരിപാടിയിൽ ഉൾപ്പെടുന്ന പാലാരിവട്ടം ഫ്ളൈ ഓവർ, രാമപുരം-നാലമ്പലംദർശനം റോഡ്, കഞ്ഞിക്കുഴി-വെട്ടത്തുകവല-കറുകച്ചാൽ റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.

DFIP-യിൽ ഉൾപ്പെടുന്ന 4 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന കാര്യം ധനകാര്യ വകുപ്പ് സമ്മതിച്ചിട്ടുണ്ട്. അതിൽ വൈറ്റില, കുണ്ടന്നൂർ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് ധനകാര്യ വകുപ്പ് നിബന്ധനകളില്ലാതെ അംഗീകാരം നൽകിയിട്ടുണ്ട്. തൊണ്ടയാട്, രാമനാട്ടുകര മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതിക്ക് നിബന്ധനകളോടുകൂടിയ അംഗീകാരവും ധനകാര്യ വകുപ്പ് നൽകിയിട്ടുണ്ട്. പ്രസ്തുത നിബന്ധനകൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

(ഡി) നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതുകൊണ്ട് പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നില്ല.

സാങ്കേതിക സർവ്വകലാശാലയിലെ പരീക്ഷാനടത്തിപ്പ്

23 (*265) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ജി. സുധാകരൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയിലെ പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട് ഉണ്ടായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് പരിശോധന നടത്തുകയുണ്ടായോ; വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പരീക്ഷാ നടത്തിപ്പിൽ പരിചയസമ്പന്നരായ ഉദ്യോഗസ്ഥരുടെ അഭാവമാണ് ഇതിനിടയാക്കിയതെന്ന കാര്യം അറിവുള്ളതാണോ;

(സി) കേന്ദ്ര സ്ഥാപനങ്ങളായ എൻ.ഐ.സി.യും സി-ഡാക്കും ഉണ്ടായിരിക്കെ ബാംഗ്ലൂരിലെ സ്വകാര്യ സ്ഥാപനവുമായി പരീക്ഷാ നടത്തിപ്പിന് ധാരണ ഉണ്ടാക്കാനിടയായ സാഹചര്യം വ്യക്തമാക്കാമോ; ചോദ്യപ്പേപ്പർ ചോരാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ & ബി) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല വെബ് എനേബിൾഡ് എക്സാമിനേഷൻ മാനേജ്മെന്റ് സംവിധാനത്തിൽ കൂടിയാണ് പരീക്ഷകൾ നടത്താൻ സർവ്വകലാശാല തീരുമാനിച്ചിരുന്നത്. എന്നാൽ വിദ്യാർത്ഥി-അദ്ധ്യാപക സമൂഹത്തിന്റെ ആശങ്കകളുടെയും പ്രതിഷേധത്തിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത സംവിധാനം ഉടൻ നടപ്പിലാക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ സാധാരണ രീതിയിൽ പരീക്ഷ വിജയകരമായി നടത്തി മൂല്യനിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ടെണ്ടർ നടപടിയിലൂടെയാണ് പരീക്ഷാ നടത്തിപ്പിനായി സോഫ്റ്റ്വെയർ, ഹാർഡ്വെയർ പരീക്ഷ നടത്തിക്കുന്നതിനായി സംവിധാനം ഒരുക്കുക എന്നിവയ്ക്കായി ഏജൻസിയെ തെരഞ്ഞെടുത്തത്. മാനദണ്ഡങ്ങൾ പാലിച്ച് കുറഞ്ഞ തുക ക്വാട്ട് ചെയ്ത മെറിട്രാക്ക് കമ്പനിയെ നടപടിക്രമങ്ങൾ പാലിച്ച് തെരഞ്ഞെടുക്കുകയുണ്ടായി. മെറിട്രാക്കിനെതിരെ ആക്ഷേപം ഉണ്ടായതിനാൽ തുടർനടപടികൾ മരവിപ്പിച്ചു. തുടർന്ന് സോഫ്റ്റ്വെയർ വികസിപ്പിച്ചു നൽകുന്നതിനായി സാങ്കേതിക സർവ്വകലാശാല സി-ഡാക്കിനെ ക്ഷണിക്കുകയുണ്ടായി. സോഫ്റ്റ്വെയർ, ഹാർഡ്വെയർ രണ്ട് വർഷത്തെ നടത്തിപ്പിനായി സൗകര്യം ഒരുക്കുക എന്നിവയ്ക്കായി സി-ഡാക്ക് ക്വാട്ട് ചെയ്ത തുക 90 കോടി രൂപയാണ്. എന്നാൽ ഇതേ ജോലിക്ക് രണ്ട് വർഷത്തേയ്ക്ക് മെറിട്രാക്ക് ക്വാട്ട് ചെയ്ത തുക ഏകദേശം 12 കോടി രൂപയാണ്. സാങ്കേതിക സർവ്വകലാശാലയുടെ ചോദ്യപേപ്പർ ചോർന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly